**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആയുർവേദ ആശുപത്രികളുടെ നവീകരണത്തിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ആയുഷ് വകുപ്പിന് കീഴിൽ കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നത് നാഷണൽ ആയുഷ് മിഷൻ,കേരള മുഖാന്തിരമാണ്. നാഷണൽ ആയുഷ് മിഷന്റെ ആയുഷ് സർവ്വീസസ് കംപോണന്റ് മുഖേന സർക്കാർ ആയുർവേദ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെയും, ഡിസ്പെൻസറികളുടെ നവീകരണത്തിന് 20 ലക്ഷം രൂപയുടെയും ഡിസ്പെൻസറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെയും സ്കീമാണ് നിലവിലുള്ളത്. ആയുഷ് വകുപ്പിന്റെ കീഴിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരം **അനുബന്ധം I** ആയി ചേർക്കുന്നു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന ആശുപത്രികളുടെ നവീകരണത്തിനായി പ്രത്യേകമായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ സർക്കാർ ആയുർവേദ ആശുപത്രികൾ മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി എല്ലാ സാമ്പത്തിക വർഷങ്ങളിലും സംസ്ഥാന സർക്കാർ പദ്ധതി ശീർഷകത്തിൽ തുക അനുവദിക്കുന്നുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ ഏതെല്ലാം ആയുർവേദ ആശുപത്രികളെയാണ് നവീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടാമ്പി മണ്ഡലത്തിൽ ആയുഷ് വകുപ്പിന് കീഴിൽ ആയുർവേദ ആശുപത്രികൾ നിലവിൽ പ്രവർത്തിച്ചു വരുന്നില്ല. എന്നാൽ പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ നാഷണൽ ആയുഷ് മിഷന്റെ 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) മുഖേന 30 ലക്ഷം രൂപ അനുവദിച്ച് ഡിസ്പെൻസറികളുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി |

| | | | |
|---|---|---|---|
| | | | കേന്ദ്ര സംസ്ഥാന പദ്ധതിയിലെ 60:40 എന്ന അനുപാതത്തിലാണ്. |
| (സി) | പ്രസ്തുത ആശുപത്രികൾക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതമായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ